കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ദക്ഷിണഭാരത് ഹിന്ദി പ്രചാർ സഭാ ആക്റ്റ്, 1964

## (1964-ലെ 14-ാം നമ്പർ ആക്റ്റ്)

## (1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

# ദക്ഷിണഭാരത് ഹിന്ദി പ്രചാർ സഭാ ആക്റ്റ്, 1964

(1964-ലെ 14-ാം നമ്പർ ആക്റ്റ്)

(1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

0-50

# ദക്ഷിണഭാരത് ഹിന്ദി പ്രചാർ സഭാ ആക്ററ്, 1964

(1964-ലെ 14-ാം നമ്പർ ആക്ററ്)

ദക്ഷിണ ഭാരത് ഹിന്ദി പ്രചാർസഭാ എന്നറിയപ്പെടുന്നതും ഇപ്പോൾ അതിന്റെ രജിസ്റ്റേറർഡ് ആഫീസ് മദ്രാസിൽ ആയിട്ടുള്ളതും ആയ സ്ഥാപനത്തെ, ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമായി പ്രഖ്യാപിക്കുന്നതിനും, അതിനോട് ബന്ധപ്പെട്ട ചില കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യുന്നതിനുമുള്ള ആക്ററ്.

[1964 മേയ്, 12]

ഇൻഡ്യാ റിപ്പബ്ലിക്കിന്റെ പതിനഞ്ചാം സംവൽസരത്തിൽ, പാർലമെൻറ് താഴെ പറയും പ്രകാരം അധി നിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ററിന് ദക്ഷിണഭാരത് ഹിന്ദി പ്രചാർസഭാ ആക്ററ്, 1964 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് കേന്ദ്രഗവൺമെൻറ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്ററിൽ സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "മെമ്മോറാണ്ടം"ത്തിന് സംഘങ്ങൾ രജിസ്ട്രേഷൻ ആക്ററ്, 1860 (1860-ലെ 21)-ൻ കീഴിൽ മദ്രാസിലെ ജായിൻറ് സ്ററാക്ക് കമ്പനിയുടെ രജിസ്ട്രാറുടെ പക്കൽ ഫയൽ ചെയ്തിട്ടുള്ള, സഭയുടെ സംഘം മെമ്മോറാണ്ടം എന്ന് അർത്ഥമാകുന്നതും,

(ഖ) "ചട്ടങ്ങൾ-റഗുലേഷനുകൾ" എന്നതിൽ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ററ്, 1860-ൻ കീഴിൽ സഭയ്ക്ക് നല്കപ്പെട്ടിട്ടുള്ള അധികാരങ്ങളുടെ പ്രയോഗത്തിൽ അതിന് ഉണ്ടാക്കാൻ ക്ഷമതയുള്ള ഏതു ചട്ടവും അല്ലെങ്കിൽ റഗുലേഷനും, അതിന് എന്തു പേർ പറഞ്ഞാലും, ഉൾപ്പെടുകയും എന്നാൽ അതിന്റെ പ്രവൃത്തിയുടെ നടത്തിപ്പിനുള്ള ചട്ടങ്ങൾക്കും റഗുലേഷനുകൾക്കും കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ബൈലാകളോ സ്ററാൻഡിംഗ് ആർഡറുകളോ ഉൾപ്പെടാതിരിക്കുകയും ചെയ്യുന്നതും,

(ഗ) "സഭ"യ്ക്ക് സംഘങ്ങൾ രജിസ്ട്രേഷൻ ആക്ററ്, 1860-ൻ കീഴിൽ രജിസ്ററർ ചെയ്തിട്ടുള്ള ദക്ഷിണ ഭാരത് ഹിന്ദി പ്രചാര സഭ എന്ന് അർത്ഥമാകുന്നതും ആകുന്നു.

3. ദക്ഷിണഭാരത് ഹിന്ദി പ്രചാർ സഭയെ ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമായി പ്രഖ്യാപിക്കുന്നത്.— ദക്ഷിണഭാരത് ഹിന്ദി പ്രചാർസഭ എന്നറിയപ്പെടുന്ന സ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ, അതിനെ ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമാക്കത്തക്കതാകയാൽ, ദക്ഷിണഭാരത് ഹിന്ദി പ്രചാർ സഭ ദേശീയപ്രാധാന്യമുള്ള ഒരു സ്ഥാപനമാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

4. സഭ ഡിഗ്രികളും ഡിപ്ലോമകളും, സർട്ടിഫിക്കററുകളും നൽകുന്നത്.— സർവ്വകലാശാലാ ഗ്രാൻറ്സ് കമ്മീഷൻ ആക്ററ്, 1956 (1956-ലെ 3)-ലോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ

3/2561/V

അടങ്ങിയിരുന്നാലും, സഭയ്ക്ക് അതതുസമയം സഭ നിശ്ചയിക്കുന്നതു പോലെയുള്ള പരീക്ഷകൾ നടത്തുകയും ഹിന്ദിയിലോ ഹിന്ദി പഠിപ്പിക്കുന്നതിലോ പ്രാവീണ്യത്തിനുള്ള ഡിഗ്രികളോ, ഡിപ്ലോമകളോ സർട്ടിഫിക്കററുകളോ നല്കുകയും ചെയ്യാവുന്നതാണ്.

5. കണക്കുകളും ആഡിററും.—(1) സഭ ശരിയായ കണക്കുകളും മററു പ്രസക്ത രേഖകളുംവച്ചുപോരേണ്ടതും, കേന്ദ്രഗവൺമെന്റ് നിർണ്ണയിക്കുന്ന ഫാറത്തിൽ ബാക്കിപത്രം ഉൾപ്പെടെയുള്ള കണക്കുകളുടെ വാർഷിക സ്റേറററുമെന്റ് തയ്യാറാക്കേണ്ടതും ആകുന്നു.

(2) സഭയുടെ കണക്കുകൾ ഓരോ വർഷം ഒരിക്കലെങ്കിലും, സഭ പ്രതിവർഷം നിയമിക്കുന്നതും ചാർട്ടേഡ് അക്കൗണ്ടന്റ്സ് ആക്ററ്, 1949 (1949-ലെ 38)-ന്റെ അർത്ഥത്തിൽ പ്രാക്ററീസ് ചെയ്തുകൊണ്ടിരിക്കുന്നതുമായ ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ആഡിററ് ചെയ്യിപ്പിക്കേണ്ടതാകുന്നു :

എന്നാൽ ചാർട്ടേഡ് അക്കൗണ്ടന്റായ സഭയുടെ ഒരംഗമോ അങ്ങനെയുള്ള ഒരു അംഗവുമായി പങ്കാളിത്തമുള്ള ഒരാളോ ഈ വകുപ്പിൻ കീഴിൽ ആഡിററായി നിയമിക്കപ്പെടാൻ അർഹനായിരിക്കുന്നതല്ല.

(3) ഏതൊരു ആഡിററർക്കും, തന്റെ കർത്തവ്യ നിർവ്വഹണത്തിൽ, സഭയുടേയോ, സഭയുടെ ഏതെങ്കിലും സമിതിയുടേയോ പരിഷത്തിന്റേയോ, ബോർഡിന്റേയോ, ശാഖയുടേയോ, രജിസ്ററുകളും, കണക്കുബുക്കുകളും, റിക്കാർഡുകളും മററ് രേഖകളും, ന്യായമായ എല്ലാ സമയത്തും, എടുത്തു നോക്കാവുന്നതാണ്.

(4) ഓരോ വർഷത്തിന്റേയും അവസാനം പ്രായോഗികമായത്ര വേഗത്തിൽ, ആഡിററർമാർ സഭയ്ക്ക് അവരുടെ റിപ്പോർട്ട് സമർപ്പിക്കേണ്ടതും അതിന്റെ ഒരു പകർപ്പ് കേന്ദ്രഗവൺമെന്റിലേക്ക്, അതിന്റെ അറിവിലേക്കായി അയച്ചുകൊടുക്കേണ്ടതും ആകുന്നു.

6. സഭയുടെ ചില നടപടികൾക്ക് കേന്ദ്രഗവൺമെന്റിന്റെ മുൻ അംഗീകാരം ആവശ്യകമാണെന്ന്.— സംഘങ്ങൾ രജിസ്ട്രേഷൻ ആക്ററ്, 1860 (1860-ലെ 21)-ലോ മെമ്മോറാണ്ടത്തിലോ, ചട്ടങ്ങൾ-റഗുലേഷനുകൾ എന്നതിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്രഗവൺമെന്റിന്റെ മുൻ അംഗീകാരത്തോടുകൂടിയല്ലാതെ, സഭ,—

(ക) ഏതെല്ലാം ആവശ്യങ്ങൾക്കു വേണ്ടിയാണോ അത് സ്ഥാപിതമായിട്ടുള്ളത്, അല്ലെങ്കിൽ ഈ ആക്ററിന്റെ പ്രാരംഭത്തിനു തൊട്ടുമുൻപ് ഉപയോഗിക്കപ്പെട്ടുകൊണ്ടിരുന്നത്, അവയിൽ ഏതെങ്കിലും വ്യത്യാസപ്പെടുത്തുകയോ വ്യാപിപ്പിക്കുകയോ ന്യൂനീകരിക്കുകയോ അല്ലെങ്കിൽ മറേറതെങ്കിലും സ്ഥാപനത്തോടോ സംഘത്തോടോ മുഴുവനായോ ഭാഗികമായോ സ്വയം സംയോജിക്കുകയോ, അല്ലെങ്കിൽ

(ഖ) മെമ്മോറാണ്ടമോ, ചട്ടങ്ങൾ-റഗുലേഷനുകൾ എന്നതോ ഏതെങ്കിലും രീതിയിൽ ഭേദപ്പെടുത്തുകയോ ഭേദഗതി ചെയ്യുകയോ, അല്ലെങ്കിൽ

(ഗ) വിഘടനം ചെയ്യപ്പെടുകയോ,

ചെയ്യാൻ പാടുള്ളതല്ല.

7. ചെയ്ത ജോലിയുടെ പുന:പരിശോധന മുതലായവ.— (1) സഭയുമായി ആലോചിച്ചതിനുശേഷം കേന്ദ്രഗവൺമെന്റിന് താഴെ പറയുന്ന എല്ലാ ആവശ്യങ്ങൾക്കുമോ അവയിൽ ഏതെങ്കിലും ആവശ്യത്തിനോ, അതായത്,—

(ക) സഭ വിനിർദ്ദിഷ്ടമായ ഏതെങ്കിലും കാലത്ത് ചെയ്തിട്ടുള്ള പ്രവൃത്തിയും അതിന് ഉണ്ടായിട്ടുള്ള പുരോഗതിയും പുന:പരിശോധന ചെയ്യുന്നതിനും,

(ഖ) സഭ ചെയ്ത പ്രവൃത്തി വിലയിരുത്തുന്നതിനും,

ഒന്നോ അതിലധികമോ സമിതികൾ അതിലേക്ക് നിയമിക്കുന്നത് യുക്തമാണെന്ന് തോന്നുന്നത്ര ആളുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് സംഘടിപ്പിക്കാവുന്നതാണ്.

(2) സഭ, (1)-ാം ഉപവകുപ്പിൻകീഴിൽ സംഘടിപ്പിച്ചിട്ടുള്ള ഏതു സമിതിക്കും അതിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കാൻ അതിന് കഴിവുണ്ടാക്കുന്നതിലേക്ക് ആവശ്യമായ എല്ലാ സൗകര്യവും നല്കേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പിൻകീഴിൽ സംഘടിപ്പിച്ചിട്ടുള്ള ഏതെങ്കിലും സമിതിയുടെ റിപ്പോർട്ട്, കേന്ദ്രഗവൺമെന്റിന്, ആ ഗവൺമെന്റ് നിദേശിക്കുന്ന സമയത്തിനുള്ളിലും രീതിയിലും സമർപ്പിക്കേണ്ടതാകുന്നു.

(4) സഭയ്ക്ക് ഒരു പ്രതിനിധിയെ നിയമിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതും അയാൾക്ക് അങ്ങനെയുള്ള പുന:പരിശോധനയിലോ വിലയിരുത്തലിലോ ഹാജരാകുന്നതിനും കേൾക്കപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതുമാണ്.

(5) അങ്ങനെയുള്ള പുന:പരിശോധനയുടേയോ, വിലയിരുത്തലിന്റെയോ (1)-ാം ഉപവകുപ്പിൻകീഴിൽ സംഘടിപ്പിച്ചിട്ടുള്ള ഏതെങ്കിലും സമിതിയുടെ റിപ്പോർട്ടിൽ വെളിപ്പെടുത്തിയ പ്രകാരമുള്ള ഫലം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് സഭയുടെ അദ്ധ്യക്ഷനെ അഭിസംബോധനം ചെയ്യാവുന്നതും, അതിൻമേൽ എടുത്ത നടപടി, എന്തെങ്കിലുമുണ്ടെങ്കിൽ, സഭയുടെ അദ്ധ്യക്ഷൻ കേന്ദ്രഗവൺമെന്റിനെ അറിയിക്കേണ്ടതും, ആകുന്നു.

(6) (5)-ാം ഉപവകുപ്പിന് അനുസൃതമായി, കേന്ദ്രഗവൺമെന്റ് ഏതെങ്കിലും കാര്യം സംബന്ധിച്ച് സഭയുടെ അദ്ധ്യക്ഷനെ അഭിസംബോധനം ചെയ്തിട്ടുണ്ടായിരിക്കുകയും, സഭയുടെ അദ്ധ്യക്ഷൻ ന്യായമായ സമയത്തിനുള്ളിൽ അതുസംബന്ധിച്ച് കേന്ദ്രഗവൺമെന്റിന് തൃപ്തികരമായവിധത്തിൽ നടപടി എടുക്കാതിരിക്കുകയും ചെയ്യുന്നിടത്ത്, വിശദീകരണങ്ങൾ നല്കുന്നതിനും നിവേദനങ്ങൾ നടത്തുന്നതിനും സഭയ്ക്ക് അവസരം അനുവദിച്ചതിനുശേഷം, റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളിൽ ഏതെങ്കിലും സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്, ആവശ്യമാണെന്ന് അത് കരുതുന്ന നിദേശങ്ങൾ പുറപ്പെടുവിക്കാവുന്നതും, സഭ തൽസമയം പ്രാബല്യത്തിലുള്ള, ഏതെങ്കിലും നിയമത്തിലോ സഭയുടെ മെമ്മോറാണ്ടത്തിലോ ചട്ടങ്ങൾ-റെഗുലേഷനുകൾ എന്നിവയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, അങ്ങനെയുള്ള നിദേശങ്ങൾ അനുസരിക്കേണ്ടതും ആകുന്നു.

(7) (1)-ാം ഉപവകുപ്പിൻകീഴിൽ സംഘടിപ്പിച്ചിട്ടുള്ള ഏതെങ്കിലും സമിതിയുടെ അംഗങ്ങൾക്ക് കേന്ദ്രഗവൺമെന്റ് ഉത്തരവുപ്രകാരം നിജപ്പെടുത്തിയിരിക്കാവുന്ന ബത്തകൾ കൊടുക്കേണ്ടതും, അങ്ങനെയുള്ള ബത്തകളും അങ്ങനെയുള്ള ഏതെങ്കിലും സമിതിക്ക് അതിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ കേന്ദ്രഗവൺമെന്റിന്റെ മുൻ അംഗീകാരത്തോടുകൂടി, നേരിട്ടിട്ടുള്ള ചെലവുകളും (അങ്ങനെയുള്ള ഏതെങ്കിലും സമിതി നിയോഗിച്ചിട്ടുള്ള ഏതെങ്കിലും ആൾക്ക് കൊടുക്കാനുള്ള ശമ്പളമോ വേതനമോ ബത്തകളോ വല്ലതും ഉണ്ടെങ്കിൽ അതുൾപ്പെടെ) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ സഭയുടെ മെമ്മോറാണ്ടത്തിലോ, ചട്ടങ്ങൾ-റഗുലേഷനുകൾ എന്നിവയിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, സഭയുടെ പണത്തിൽനിന്ന് കൊടുക്കേണ്ടതും ആകുന്നു.

---